# പതിനഞ്ചാം കേരള നിയമസഭ

# പത്താം സമ്മേളനം

2024 ഫെബ്രുവരി 14, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**<u>സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി</u>**

*211 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക കേരളത്തിന് മുതൽക്കൂട്ടാവുന്ന തരത്തിൽ സംസ്ഥാനത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും അഭിപ്രായ ആവിഷ്ക്കാര സ്വാതന്ത്ര്യം നിലനിർത്തുന്നതിനും വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിന്റെ സാംസ്കാരിക പെരുമ നിലനിർത്തി വരുംതലമുറയ്ക്ക് പകർന്ന് നൽകുന്നതിന് ലക്ഷ്യമിട്ട് ജില്ലകളിൽ നടപ്പാക്കിവരുന്ന സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കും ഉപകരണങ്ങൾക്കും ഇൻഷുറൻസ്</u>**

*212 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ.വി.സുമേഷ്**

**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും സമ്പൂർണ്ണ ഇൻഷുറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് പ്രതിവർഷം സർക്കാരിന് എത്ര രൂപയുടെ ചെലവാണ് ഉണ്ടാകുന്നത്; വിശദമാക്കുമോ;

(സി) കഴിഞ്ഞ 5 വർഷം മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷുറൻസ് പരിരക്ഷ പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2023-24 വർഷം അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് നൽകിയ ഇൻഷുറൻസ് ആനുകൂല്യം ജില്ല തിരിച്ച് എണ്ണം, തുക എന്നിവയുടെ കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തുന്ന പ്രവർത്തനങ്ങൾ

*213 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്ര പുനർനിർമ്മാണത്തിന്റെ ഭാഗമായി ജനാധിപത്യ മൂല്യങ്ങളോട് കൂറ് പുലർത്തുന്ന യുവതലമുറയെ വാർത്തെടുക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഭരണഘടനയും പാർലമെന്ററി ജനാധിപത്യവും വെല്ലുവിളിക്കപ്പെടുന്ന കാലത്ത് സാമൂഹിക, രാഷ്ട്രീയ, അക്കാദമിക വിദഗ്ധരെയും സാധാരണ ജനവിഭാഗത്തെയും കൂട്ടിച്ചേർക്കുന്ന കണ്ണിയായി മാറുവാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പൗരബോധവും ജനാധിപത്യ മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനും ആരോഗ്യകരമായ ജനാധിപത്യ സംവിധാനം രൂപപ്പെടുത്തുന്നതിനും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) ജനപ്രതിനിധികൾക്കായി പ്രത്യേക പാർലമെന്ററി പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ടോ; വ്യക്തമാക്കാമോ?

## സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി

*214 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റാർട്ടപ്പ് മിഷനും ഉന്നതിയും സംയുക്തമായി ആരംഭിച്ച സ്റ്റാർട്ടപ്പ് സിറ്റി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇതിനകം ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം മേഖലകളിലുള്ള സംരംഭകർക്കാണ് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് എന്തെല്ലാം സാമ്പത്തിക, സാങ്കേതിക സഹായങ്ങളാണ് സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മത്സ്യസംസ്കരണ മേഖലയെ മികച്ച വരുമാനദായകമാക്കുവാൻ നടപടി</u>**

*215 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസംസ്കരണ മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ ആധുനികവത്കരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് സീഫുഡ് ഇന്നവേഷൻ ക്ലസ്റ്റർ പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) മത്സ്യബന്ധന-മത്സ്യസംസ്കരണ മേഖലയെ മികച്ച വരുമാനദായക മേഖലയാക്കി മാറ്റുന്നതിന് ഏകജാലക സംവിധാനത്തിലൂടെ സംഘടിതമായ വിവര വിനിമയവും സംരംഭകത്വ പ്രോത്സാഹനവും നൽകുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) വികസിത വിദേശ രാജ്യങ്ങളിലെ നൂതന സാങ്കേതികവിദ്യയും വൈജ്ഞാനിക ശേഷിയും സംസ്ഥാനത്തെ മത്സ്യസംസ്കരണ മേഖലയിലേക്ക് ഉപയോഗപ്പെടുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

**<u>കുടിവെള്ള ഗുണനിലവാര പരിശോധനാ ലാബുകൾ</u>**

*216 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള ഗുണനിലവാര പരിശോധനാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) സംസ്ഥാനത്ത് ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ കുടിവെള്ള ഗുണനിലവാര പരിശോധനയ്ക്കായി നടന്നു വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എത്ര ഗുണനിലവാര ലാബുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്; അതിൽ എത്ര എണ്ണം ഇതിനകം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്; അതുവഴി എത്ര സാമ്പിളുകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ലാബുകളിലെ പരിശോധനാ ഫലങ്ങൾ കൃത്യതയുള്ളതാണെന്ന് ഉറപ്പു വരുത്തുന്നതിന് നിലവിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

## മലയാള സിനിമാ വ്യവസായം ശാക്തീകരിക്കാൻ നടപടി

*217 **ശ്രീമതി ദെലീമ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ എം മുകേഷ്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലയാള സിനിമാ വ്യവസായത്തെ ശാക്തീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സിനിമാ വ്യവസായ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ തിരുത്തുന്നതിനും ഉയർന്ന സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മേഖലയിലേയ്ക്ക് കടന്നുവരുന്ന നവാഗതർക്കും വനിതകൾക്കും പാർശ്വവൽകൃത വിഭാഗങ്ങളിൽ നിന്നുള്ളവർക്കും അർഹമായ അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ?

## ചെമ്മീൻ കയറ്റുമതി മേഖല നേരിടുന്ന പ്രതിസന്ധി

*218 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എച്ച്. സലാം**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെമ്മീൻ കയറ്റുമതി വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സംഭരണ ശാലകളിൽ തദ്ദേശീയമായി ലഭിക്കുന്ന ചെമ്മീന്റെ അളവ് കുറഞ്ഞത് കാരണം ഇതര സംസ്ഥാനങ്ങളിൽ നിന്നുമാണ് ചെമ്മീൻ എത്തുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; വിശദമാക്കുമോ;

(സി) തദ്ദേശ ചെമ്മീൻ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) തരിശ് കിടക്കുന്ന പൊക്കാളി, കൈപ്പാട്, കോൾ നിലങ്ങളിൽ ചെമ്മീൻ കൃഷി നടത്തുന്നതിന് കർഷകർക്ക് അനുമതി നൽകി ഈ പ്രതിസന്ധി പരിഹരിച്ച് സംസ്ഥാനത്തെ ഉല്പാദനവും കയറ്റുമതി വരുമാനവും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

*219 **ശ്രീമതി ഉമ തോമസ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളുടെ വിതരണം തടസ്സപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നതിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ;

(സി) സ്കോളർഷിപ്പ് വിതരണം പുന:രാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി

*220 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അതിരൂക്ഷമാകാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കുടിവെള്ള സ്രോതസ്സുകളിലെ ജലവിതാനവും ജലലഭ്യതയും പരിഗണിച്ച് ജല ഉപഭോഗത്തിലും ജല വിതരണത്തിലും ശക്തമായ ആസൂത്രണവും നിയന്ത്രണവും ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) ജലസ്രോതസ്സുകളിലെ ജലവിതാനം താഴുന്നത് കാരണം ജനങ്ങൾക്കിടയിൽ ജലജന്യ രോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) വേനൽക്കാലത്ത് സ്വകാര്യ ഏജൻസികൾ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

**സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങൾ**

*221 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കാൻ നടപ്പാക്കി വരുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**വന്യജീവി ആക്രമണത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം**

*222 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം ഇരട്ടിയാക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ തത്തുല്യമായ വർദ്ധനവ് വരുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

**സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം**

*223 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എം. എം. മണി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം ലക്ഷ്യമിട്ട് രാജ്യത്ത് ആദ്യമായി നയരേഖ രൂപീകരിച്ചതിന്റെ തുടർ പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് ഹരിതാവരണം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ അന്തരീക്ഷ താപം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) കടൽത്തീരത്ത് ജൈവകവചം സൃഷ്ടിക്കുന്നതിനും അതിലൂടെ പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

## <u>പൈപ്പ് പൊട്ടൽമൂലം ജല അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം</u>

*224 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുതും വലുതുമായ പൈപ്പ് പൊട്ടൽ മൂലം ജല അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പൈപ്പ് പൊട്ടലിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ജ്വാല, ട്രേസ് പദ്ധതികൾ</u>

*225 **ശ്രീ ഒ . ആർ. കേളു**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ ഡി കെ മുരളി**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആവിഷ്കരിച്ച ജ്വാല പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര അഭിഭാഷകർ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ട്രേസ് പദ്ധതിയുടെ ഭാഗമായി പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള എത്ര പട്ടികജാതി, പട്ടികവർഗ്ഗ യുവതി-യുവാക്കൾക്ക് ട്രേസ് വഴി തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

## <u>വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി</u>

*226 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ജീവനക്കാരുടെ ജീവൻ സംരക്ഷിക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ജീവനക്കാരുടെ ജീവൻ സംരക്ഷിക്കാനും സി.ആർ.പി.എഫ്. പോലുള്ള കേന്ദ്ര സേനയെ ചുമതലപ്പെടുത്തണം എന്നാവശ്യപ്പെട്ട് ജീവനക്കാരുടെ സംഘടന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ഡാമുകളുടെ സുരക്ഷാ പരിശോധന

*227 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷാ പരിശോധനകൾ നടത്തിയിട്ടുണ്ടോ; കാലാവസ്ഥാ വ്യതിയാനങ്ങൾ അനുസരിച്ച് സുരക്ഷാ ഭീഷണി ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ എല്ലാ ഡാമുകളുടെയും ബലം, ജല സംഭരണം, സാങ്കേതിക സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് പരിശോധനകൾ നടത്തുമോ; ഇതിനായി പ്രത്യേക സംഘത്തെ നിയോഗിക്കുമോ; വ്യക്തമാക്കാമോ;

(സി) കാലവർഷം ആരംഭിക്കുന്നതിനുമുൻപേ ഡാമുകളിലെ ജലനിരപ്പ് കുറയ്ക്കുന്നതിനും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും നടപടി സ്വീകരിക്കുമോ; ഇതിനായി എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുമോ?

## മത്സ്യബന്ധനത്തിന് കടലിൽ പോകുന്നവരുടെ വിവര ശേഖരണം

*228 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ വി ജോയി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീമതി കാനത്തിൽ ജമീല** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് കടലിൽ പോകുന്ന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവര ശേഖരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഹാർബറുകളിൽ മത്സ്യബന്ധന യാനങ്ങളുടെ കടലിലേക്കുള്ള പോക്കും വരവും

രേഖപ്പെടുത്തുന്നതിന് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുമ്പോൾ അവർക്ക് തിരിച്ചറിയൽ കാർഡ്, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉണ്ടോ എന്ന കാര്യം ഉറപ്പുവരുത്താറുണ്ടോ;

(ഡി) യന്ത്രവൽകൃത ബോട്ടുകളിൽ ജോലി ചെയ്യുന്ന ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>വന സംരക്ഷണ പ്രവർത്തനങ്ങൾ</u>

*229 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന സംരക്ഷണ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്ന നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നതിന്റെ ഭാഗമായി വനം കൈയേറ്റം തടയുന്നതിനും വനാതിർത്തി സംരക്ഷിക്കുന്നതിനുമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വന സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുമ്പോഴും വനാന്തരങ്ങളിൽ താമസിക്കുന്ന വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികൾ കൂടുതൽ വിജയകരമായി നടത്തുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന ജനവിഭാഗങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടൊ; എങ്കിൽ വിശദാംശം നൽകുമോ?

<u>വന്യജീവി ആക്രമണത്തെ തുടർന്നുള്ള നഷ്ടപരിഹാരം</u>

*230 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ഷാഫി പറമ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണത്തെ തുടർന്നുള്ള മരണാനന്തര നഷ്ടപരിഹാരം, ചികിത്സാസഹായം, കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളിൽ 2021 മുതൽ നാളിതുവരെ 6700 ഓളം അപേക്ഷകർക്ക് നഷ്ടപരിഹാരം നൽകാനുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണമാണോ സംസ്ഥാനത്ത് വന്യ ജീവി

ആക്രമണത്തെ തുടർന്നുള്ള മരണാനന്തര നഷ്ടപരിഹാരം, ചികിത്സാസഹായം, കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം എന്നിവ പൂർണ്ണമായും നൽകാൻ സാധിക്കാത്തത് എന്ന് വ്യക്തമാക്കാമോ;

(സി) 2021 മുതൽ നാളിതുവരെയുള്ള അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി

*231 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വാഴൂർ സോമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാസമ്പന്നരായ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്റ്റാർട്ടപ്പ് മിഷനും ഉന്നതിയും ചേർന്ന് സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവരുടെ ഉപജീവന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഈ പദ്ധതി സഹായിക്കുമോ; വിശദീകരിക്കുമോ;

(സി) ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ്, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ ഇൻക്യുബേഷൻ സൗകര്യവും പിന്തുണയും നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ മികച്ച ബ്രാൻഡിംഗിലൂടെ വിപണനം ഉറപ്പാക്കുന്നതിന് സൗകര്യവും പിന്തുണയും നൽകുമോ; വിശദീകരിക്കുമോ;

(ഇ) സ്റ്റാർട്ടപ്പ് സിറ്റി പദ്ധതിയിലൂടെ പുതിയ സംരംഭകരുടെ ബിസിനസിന്റെ കാര്യക്ഷമതയും വ്യാപ്തിയും സാധ്യതകളും മെച്ചപ്പെടുത്തുന്നതിനുള്ള എന്തെല്ലാം സഹായങ്ങളാണ് ഉറപ്പാക്കുന്നത്; വിശദീകരിക്കുമോ?

## തണ്ണീർ കൊമ്പൻ ചരിഞ്ഞ സംഭവത്തിൽ അന്വേഷണം

*232 **ശ്രീമതി കെ. കെ. രമ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ മയക്കുവെടി വച്ച് പിടികൂടിയ തണ്ണീർ കൊമ്പൻ ചരിഞ്ഞ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പിടികൂടുന്ന സന്ദർഭത്തിൽ ആനയ്ക്ക് എന്തെങ്കിലും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നോ

എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ആനയെ പിടികൂടുന്ന നടപടിയിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയാൻ നടപടി</u>**

*233 **ശ്രീ. മോൻസ് ജോസഫ്**

**ശ്രീ. പി. ജെ. ജോസഫ്**

**ശ്രീ. അനൂപ് ജേക്കബ്**

**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച ജലസാമ്പിളുകളിൽ കോളിഫോം ബാക്ടീരിയയുടെ കൂടിയ അളവിലുള്ള സാന്നിദ്ധ്യം കണ്ടെത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമീപ പട്ടണങ്ങളിൽ നിന്നുള്ള മലിനജലം നദികളിലും ജലാശയങ്ങളിലും ഒഴുകിച്ചേരുന്നത് മൂലമുണ്ടാകുന്ന മലിനീകരണം തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടണപ്രദേശങ്ങളിലെ അഴുക്കുചാലുകൾ വൃത്തിയാക്കുന്നതിനും അതിലെ ജലം സംസ്കരിച്ച് മാലിന്യത്തോത് കുറയ്ക്കുന്നതിനുമുള്ള സമഗ്രമായ പദ്ധതി ജലവിഭവ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>ഓഷ്യനേറിയം പദ്ധതി</u>**

*234 **ശ്രീ. പി.വി. ശ്രീനിജിൻ**

**ശ്രീ. കെ. ജെ. മാക്സി**

**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**

**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിനിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഓഷ്യനേറിയം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഓഷ്യനേറിയം പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി സംബന്ധിച്ച് നാളിതുവരെ നടത്തിയ അടിസ്ഥാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; പദ്ധതിയുടെ നടത്തിപ്പിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ പുന:രാരംഭിക്കുന്നതിന് എന്തെല്ലാം

നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## അലങ്കാര മത്സ്യ കൃഷി പ്രോത്സാഹനം

*235 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അലങ്കാര മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അലങ്കാര മത്സ്യങ്ങളുടെ വിപണനത്തിന് സഹായകമായ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(സി) അലങ്കാര മത്സ്യങ്ങളുടെ ആഭ്യന്തര വിപണി പ്രയോജനപ്പെടുത്തുവാൻ മുൻകാലങ്ങളിൽ നടത്തിയത് പോലെ അക്വാ ഷോകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

## ട്രൈബൽ പാരാമെഡിക്സ് ട്രെയിനി സ്കീം

*236 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടിക ഗോത്രവർഗങ്ങളിലെ ഭിന്നശേഷിക്കാർക്കു സഹായോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് വകുപ്പ് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്തിട്ടുള്ള സഹായങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ട്രൈബൽ പാരാമെഡിക്സ് ട്രെയിനി സ്കീം നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## വിദ്യാവാഹിനി പദ്ധതി

*237 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കികൊണ്ടിരുന്ന വിദ്യാവാഹിനി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കാനുണ്ടായ കാരണം വിശദമാക്കാമോ?

## കെ.എം.മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി

*238 **ശ്രീ. ജോബ് മൈക്കിള്‍**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എം.മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ ജലസേചന വകുപ്പ് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതി എവിടെയൊക്കെ പൂർത്തിയാക്കിയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി കാർഷിക വിളകളുടെ ഇനം തിരിച്ച് മേഖലകളോ ക്ലസ്റ്ററുകളോ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സമ്പൂർണ്ണ യന്ത്രവൽകൃത മൈക്രോ ഇറിഗേഷൻ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മറ്റ് വകുപ്പുകളുമായി ചേർന്ന് എന്തൊക്കെ കർമ്മപദ്ധതികളാണ് മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ചെയ്തുവരുന്നത്;

(ഇ) പ്രൊഫഷണൽ യോഗ്യത നേടിയിട്ടുള്ള യുവസംരംഭകരുടെ സേവനം പ്രസ്തുത പദ്ധതിയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## ജലവിഭവ വികസനത്തിനും മാനേജ്മെന്റിനും പദ്ധതികൾ

*239 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി. വി. അൻവർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വികസനത്തിനും മാനേജ്മെന്റിനും പരിപാലനത്തിനും സഹായകരമാകുന്ന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഇവയുടെ പാർശ്വഭിത്തി സംരക്ഷിക്കുന്നതിനും കുളങ്ങൾ, കിണറുകൾ, തടയണകൾ എന്നിവയുടെ നിർമ്മാണത്തിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സൂക്ഷ്മ ജലസേചനം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ടോ; ഇത്തരം പദ്ധതികൾക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## അന്യം നിന്നുപോകുന്ന കലാരൂപങ്ങളെ സംരക്ഷിക്കാൻ നടപടി

*240 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**

**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വിഭാഗങ്ങളിൽപ്പെടുന്ന നിർധന കലാകാരന്മാരെ സംരക്ഷിക്കുന്നതിനും തനത് കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും കല ജീവനോപാധിയാക്കി മാറ്റുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അന്യം നിന്നുപോകുന്ന കലാരൂപങ്ങളെ സംരക്ഷിച്ച് അവയെ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ഫെബ്രുവരി 6, ചൊവ്വ

ഷാജി സി. ബേബി,
സെക്രട്ടറി ഇൻ ചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].